## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 297 — 13.03.2017-ൽ മറുപടിക്ക്

**പദ്ധതി പ്രചരണത്തിനും പൂർത്തീകരണത്തിനും ഹൈടെക് സംവിധാനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ<br>ഡോ.എൻ. ജയരാജ് | ഡോ. കെ. ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികളുടെ പ്രചരണത്തിനും സമയബന്ധിത പൂർത്തീകരണത്തിനും ഹൈടെക് സംവിധാനങ്ങൾ ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | എ) നഗരസഭകളുടെ പദ്ധതികളുടെ വിവിധ ഘട്ടങ്ങൾ ആധുനിക സാങ്കേതിക സഹായത്തോടെ പൂർത്തിയാക്കുന്നതിന് നഗരസഭാ തലത്തിലും സർക്കാർ തല ത്തിലും ശ്രമങ്ങൾ നടന്നുവരുന്നു. ഇ-ടെണ്ടറിംഗ്, ഗുണഭോക്തൃ വിഹിതങ്ങൾ ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നതിനുള്ള സംവിധാനം, പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനും പ്രവർത്തനഘട്ടങ്ങളിലും മേൽ നോട്ടത്തിനും അവലോകനങ്ങൾക്കും ജി.പി.എസ് സംവിധാനങ്ങളുടെ ഉപയുക്തത, ട്രഷറി കോർ ബാങ്കിംഗ് സിസ്റ്റം മുഖേന ഫണ്ട് അനുവദിക്കൽ, തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. പദ്ധതി തുകകളുടെ ചെലവ് സംബന്ധിച്ച് കണക്കുകൾ ഏതൊരു പൗരനും അപ്പപ്പോൾ ലഭ്യമാക്കുന്ന വിധത്തിൽ സർക്കാരിന്റെ 'PLAN SPACE' സോഫ്റ്റ് വെയർ നിലവിലുണ്ട്. കേന്ദ്രപദ്ധതികളുമായി ബന്ധപ്പെട്ട് PFMS സോഫ്റ്റ്‌വെയറും നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| ബി) | അതിനായി സോഷ്യൽ മീഡിയയും ഇന്റർനെറ്റ് സംവിധാനവും ഉപയോഗിക്കുന്നത് മൂലം ഉണ്ടാകുന്ന ഗുണദോഷവശങ്ങൾ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | ബി) | ഇല്ല; ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ